പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
(ഹയർസെക്കൻഡറി വിഭാഗം)
തിരുവനന്തപുരം
**E-Mail – dirdhse.dge@kerala.gov.in**
ഫോൺ നം. **0471 2580759**

**നമ്പർ : HSE/2640/2026-Ad B5** **തീയതി : 15-03-2026**

## <u>സർക്കുലർ</u>

വിഷയം : പൊ.വി.വ – ഹ.സെ.വി – ഗവ. ഹയർ സെക്കൻഡറി സ്കൂളുകളിലെ എച്ച്.എസ്.എസ്.റ്റി (വിവിധം) എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിൽ നിന്ന് എച്ച്.എസ്.എസ്.റ്റി തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനം കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നത് – സംബന്ധിച്ച്

സൂചന : 1. കേരള ഗസറ്റ് നമ്പർ **1726** തീയതി **08/05/2025 (EXTRA ORDINARY VOLUME XIV)** പ്രകാരം പ്രസിദ്ധീകരിച്ച എച്ച് എസ് എസ് റ്റി ജൂനിയർ അധ്യാപകരുടെ സീനിയോരിറ്റി ലിസ്റ്റ്

2. **05/02/2026** ലെ എച്ച് എസ് ഇ/**1638/2025**-എഡി ബി5 നമ്പർ സർക്കുലർ

3. **05/03/2026** ലെ സ.ഉ.(കൈ) നം.**48/2026/GEDN**

ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളുകളിൽ വിവിധ വിഷയങ്ങളിൽ എച്ച്.എസ്.എസ്.റ്റി തസ്തികയിൽ **2026** മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ വിരമിക്കൽ മൂലം ഉണ്ടാകാൻ സാധ്യതയുള്ള ഒഴിവുകളിലേക്ക് സ്പെഷ്യൽ റൂൾസ് പ്രകാരം എച്ച് എസ് എസ് റ്റി തസ്തികയിലേക്ക് തസ്തികമാറ്റ നിയമനം നൽകുന്നതിനായി സൂചന **(2)** പ്രകാരം കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. സംസ്ഥാനത്തെ ഹയർ സെക്കൻഡറി സ്കൂളുകളിലെ **2024-2025** അധ്യയന വർഷത്തെ തസ്തിക നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ സൂചന **(3)** ഉത്തരവ് പ്രകാരം എച്ച് എസ്

എസ് റ്റി തസ്തികയിലെ ഒഴിവുകളിൽ മാറ്റം വന്നിട്ടുണ്ട്. ടി ഒഴിവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിഷയം | നിലവിലുള്ള ഒഴിവുകൾ | പുതിയതായി നിലവിൽ വന്ന എച്ച്.എസ്.എസ്.റ്റി ഒഴിവുകളുടെ എണ്ണം | ആകെ ഒഴിവുകൾ |
|---|---|---|---|---|
| 1 | മലയാളം | 23 | 26 | 49 |
| 2 | അറബിക് | 07 | 28 | 35 |
| 3 | ഫിസിക്സ് | 15 | 20 | 34 |
| 4 | കെമിസ്ട്രി | 30 | 20 | 50 |
| 5 | സോഷ്യോളജി | 07 | 07 | 14 |
| 6 | ബോട്ടണി | 18 | 09 | 27 |
| 7 | ഹിസ്റ്ററി | 16 | 08 | 24 |
| 8 | പൊളിറ്റിക്കൽസയൻസ് | 24 | 03 | 27 |
| 9 | ഇക്കണോമിക്സ് | 20 | 02 | 22 |
| 10 | കൊമേഴ്സ് | 18 | 03 | 21 |
| 11 | ജ്യോഗ്രഫി | 04 | 06 | 10 |
| 12 | കമ്പ്യൂട്ടർ സയൻസ് | 11 | 03 | 14 |
| 13 | സുവോളജി | 16 | 13 | 29 |
| 14 | മാത്തമാറ്റിക്സ് | 34 | 16 | 50 |
| 15 | ഉറുദു | 01 | 01 | 02 |
| 16 | ഹിന്ദി | 01 | 09 | 10 |
| 17 | ജർമ്മൻ | 0 | 01 | 01 |
| 18 | കന്നഡ | 0 | 02 | 02 |

പൊതുവിദ്യാഭ്യാസ വകുപ്പിലെ എച്ച്.എം മാരുടെ പ്രിൻസിപ്പൽ പ്രൊമോഷനായി മാറ്റേണ്ട ഒഴിവുകൾ ലഭ്യമായിട്ടില്ലാത്തതിനാലും, ശൂന്യവേതനാവധി / അന്യത്ര സേവന കാലാവധി അവസാനിക്കുന്ന അധ്യാപകരെ പുനർനിയമിക്കുന്നതിലേയ്ക്കും, സൂചന (3) ഉത്തരവ് പരിശോധിച്ച് തസ്തികകളുടെ എണ്ണം ക്രമപ്പെടുത്തുമ്പോൾ ഏതെങ്കിലും രീതിയിലുള്ള വ്യതിയാനം സംഭവിക്കുകയോ ചെയ്താൽ, മേൽ ചേർത്തിട്ടുള്ള ഒഴിവുകളിൽ മാറ്റം വരാവുന്നതാണ്.

മേൽ സാഹചര്യത്തിൽ യോഗ്യരായ ജൂനിയർ അധ്യാപകർ അതാത് വിഷയത്തിൽ ഒഴിവുകൾക്ക് ആനുപാതികമായി (മൂന്നിരട്ടി) **2023,2024,2025** കലണ്ടർ വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സ്കോർ **(SCORE)** മുഖേന ഓൺലൈൻ ആയി സൂചന (2) സർക്കുലറിലെ നിർദ്ദേശങ്ങൾ അനുസരിച്ച് **25/03/2026 വൈകുന്നേരം 5 മണിക്ക്** മുൻപായി സമർപ്പിക്കേണ്ടതാണ്.

**30/11/2023** തീയതിയിലെ **GO(P)No 17/2023/P&ARD** അനുസരിച്ച് എച്ച്.എസ്.എസ്.ടി. തസ്തികമാറ്റ നിയമനം റിലിംഗ്വിഷ് ചെയ്യുന്നതിനുള്ള അപേക്ഷ **25/03/2026 വൈകുന്നേരം 5 മണിക്ക്** മുൻപായി സമർപ്പിക്കേണ്ടതാണ്. സമയപരിധിക്ക് ശേഷം ലഭിക്കുന്നവ യാതൊരു കാരണവശാലും പരിഗണിക്കില്ല.

Digitally signed by
Ranjan Raj. R. P
Date: 15-03-2026
08:58:29

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

**Note:** എല്ലാ പ്രിൻസിപ്പൽമാരും/ പ്രിൻസിപ്പൽ ഇൻ ചാർജ് ആയിട്ടുള്ള അധ്യാപകരും **SCORE** ൽ **designation** ഉൾപ്പെടെ **update** ചെയ്തിട്ടുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

പകർപ്പ് :-

1. ബന്ധപ്പെട്ട അധ്യാപകർക്ക്
2. ബന്ധപ്പെട്ട പ്രിൻസിപ്പൽമാർക്ക്
3. എല്ലാ മേഖല ഉപമേധാവികൾക്ക്
4. സൂക്ഷിപ്പു ഫയൽ